**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 365** **27-01-2026 - ൽ മറുപടിയ്ക്ക്**

**എൽ.എസ്.ജി.ഡി. പൊതുസർവ്വീസിലെ വിവിധ വിഷയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ എത്ര പ്രൊവിഷണൽ സെക്രട്ടറിമാർ എൽ.എസ്.ജി.ഡി. പൊതുസർവ്വീസിൽ മുനിസിപ്പൽ സെക്രട്ടറിമാരുടെ (ഗ്രേഡ് III) ഒഴിവിൽ നിലനിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇവർ ഓരോരുത്തരുടേയും പേരു വിവരങ്ങളും റിട്ടയർ ചെയ്യുന്ന വർഷവും മാസവും ഉൾപ്പെടെ ലഭ്യമാക്കാമോ; പ്രസ്തുത പ്രൊവിഷണൽ സെക്രട്ടറിമാർ ഓരോരുത്തരും മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്ന് ഓരോരുത്തരുടെയും പേരു വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കാമോ; | (എ) | 18 |

| No | Name | Designation as on promotion | Date of Retirement |
|---|---|---|---|
| 1 | Prakash kumar V | Junior Superintendent | 31/05/2029 |
| 2 | Anil Kumar C | Junior Superintendent | 31/03/2030 |
| 3 | Anitha E.B | JPHN | 31/05/2038 |
| 4 | Sheeba S | Revenue Inspector | 31/05/2027 |
| 5 | Priya V.T | Senior Clerk | 31/03/2041 |
| 6 | Shameer Muhamad B | Senior Clerk | 31/01/2047 |
| 7 | Manoj Kumar K | Junior Superintendent | 30/04/2030 |
| 8 | Sreejith P | Health Inspector Gr-II | 31/03/2034 |
| 9 | Sainudeen K.M | Health Supervisor | 31/01/2033 |
| 10 | Simi H | Senior Clerk | 31/05/2030 |
| 11 | Subair K.P | Health Inspector | 28/02/2033 |
| 12 | Krishnakumary P.B | Senior Clerk | 30/04/2038 |
| 13 | Vijila M | Senior Clerk | 30/04/2040 |
| 14 | Ragesh Paleriveettil | Health Supervisor | 31/05/2030 |
| 15 | Kumar R | Senior Clerk | 31/05/2030 |
| 16 | Sajiroon S | Senior Clerk | 31/05/2029 |
| 17 | Mithran G | Senior Public Health Inspector Gr.I | 30/04/2031 |
| 18 | Rajesh P.S | Senior Clerk | 31/01/2028 |

| | | | |
|---|---|---|---|
| (ബി) | എൽ.എസ്.ജി.ഡി. പൊതുസർവ്വീസ് നിലവിൽ വന്നതിന് ശേഷം ടി പ്രൊവിഷണൽ സെക്രട്ടറിമാർ തുടരുന്നത് ഏത് നിയമത്തിന്റെ പരിരക്ഷ പ്രകാരമാണെന്ന് അറിയിക്കാമോ; നിലവിലെ എൽ.എസ്.ജി.ഡി. സെക്രട്ടറി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയും ബൈട്രാൻസ്ഫർ ഫ്രം കാറ്റഗറി 1 എൽ.എസ്.ജി.ഡി. സബോർഡിനേറ്റ് സർവ്വീസിൽ നിന്നുമുള്ളവരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇ.ആർ.എ2/53/2023/ ത.സ്വ.ഭ.മ. നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III യുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതു പ്രകാരം പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നിലവിൽ പ്രൊവിഷണൽ സെക്രട്ടറിമാർക്ക് നിയമനം നൽകിയിരിക്കുന്നത് താൽക്കാലികമാണോ അതോ സ്ഥിരനിയമനമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | **സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ താൽകാലിക സംവിധാനം എന്ന നിലയിലാണ് മുൻ മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രൊവിഷണൽ സെക്രട്ടറിമാരുടെ നിയമനം നടത്തിവന്നിരുന്നത്.**<br><br>**പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിയമന നടപടികൾ ആരംഭിച്ചു കഴിഞ്ഞ സാഹചര്യത്തിലും ബൈട്രാൻസ്ഫർ നിയമനത്തിലുള്ള തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത വിഷയങ്ങൾ കൂടി പരിഗണിച്ച് പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.** |
| (സി) | നിലവിൽ പ്രൊവിഷണൽ സെക്രട്ടറിമാരായി പ്രവർത്തിക്കുന്നവരെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി സ്ഥിരപ്പെടുത്താൻ കഴിയുമോ; നിലവിൽ | (സി) | **സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ, ഭരണ സൗകര്യാർത്ഥം, താൽക്കാലിക സംവിധാനം എന്ന നിലയിലാണ് മുൻ മുൻസിപ്പൽ കോമൺ സർവ്വീസിൽ** പ്രൊവിഷണൽ സെക്രട്ടറിമാരുടെ നിയമനം നടത്തി വന്നിരുന്നത്. പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| | മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എൽ.എസ്.ജി.ഡി. സെക്രട്ടറിയുടെ തസ്തികയ്ക്ക് തുല്യമായ തസ്തിക ആയതിനാൽ പ്രൊവിഷണൽ സെക്രട്ടറിമാർ പ്രവർത്തിക്കുന്ന മുനിസിപ്പൽ ഗ്രേഡ് III സെക്രട്ടറിയുടെ അടക്കമുള്ള ഒഴിവുകളുടെ 40% തസ്തികകൾ എൽ.എസ്.ജി.ഡി. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ റൂൾ 5 ഗ്രൂപ്പ് 1 ജനറൽ വിംഗിൽ സീരിയൽ നമ്പർ 5ന്റ് താഴെയുള്ള നോട്ട് 1 പ്രകാരം എൽ.എസ്.ജി.ഡി. സെക്രട്ടറി റാങ്ക് ലിസ്റ്റിൽ അനുവദിക്കുന്നതിന് നിയമ തടസ്സമുണ്ടോ; | | |
| (ഡി) | നിലവിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എൽ.എസ്.ജി.ഡി. സെക്രട്ടറിയുടെ തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിമാർ പ്രവർത്തിക്കുന്ന മുനിസിപ്പൽ ഗ്രേഡ് III സെക്രട്ടറിയുടെ ഒഴിവിലേക്ക് എൽ. എസ്. ജി.ഡി. സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ റൂൾ 5 ഗ്രൂപ്പ് 1 ജനറൽ വിംഗിൽ സീരിയൽ നമ്പർ 5 ന്റ താഴെയുള്ള നോട്ട് 2 പ്രകാരം ആനുപാതികമായി ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിന് എന്തെങ്കിലും നിയമ | (ഡി) | ഇല്ല. 30/07/2024 ലെ പ്രഫോർമ ഐ.ഡി നമ്പർ 53029 പ്രകാരം 11 തസ്തികകൾ റിക്രൂട്ട്മെന്റ് ബൈട്രാൻസ്ഫർ നിയമനത്തിനായി കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | | |
| (ഇ) | പ്രിൻസിപ്പൽ ഡയറക്ടറുടെ 02.03.2023 ലെ പി. ഡി. എൽ. എസ്. ജി. ഡി/6/2023 സി2 നമ്പർ കത്തിൽ ആവശ്യപ്പെട്ടതുപ്രകാരം മുനിസിപ്പൽ സർവ്വീസുമായി ഉണ്ടാകേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇ.ആർ.എ2/53/2023/ തസ്വഭമ നമ്പർ കത്തിൽ ക്രമനമ്പർ 5, 6 എന്നിവ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (ഇ) | പ്രിൻസിപ്പൽ ഡയറക്ടറുടെ 02/03/2023 ലെ PDLSGD/6/2023-C2 നമ്പർ കത്തിലെ ക്രമ നമ്പർ 5, 6 സംബന്ധിച്ച വിഷയത്തിന്മേൽ തദ്ദേശ സ്വയംഭരണ (ഇ.ആർ.എ) വകുപ്പിന്റെ 01.12.2025 ലെ ഇ.ആർ.എ2/53/2023/തസ്വഭവ നമ്പർ കത്ത് പ്രകാരം ക്രമ നം. 5 ലെ വിഷയത്തിന്മേൽ ഭേദഗതി ആവശ്യമുള്ളതായി കാണുന്നില്ല എന്നും ക്രമ നം.6 ലെ വിഷയത്തിന്മേൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 ലേക്കുള്ള നിലവിലുള്ള ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനം സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ റൂൾ 5 Group I General Wing -ൽ Sl.No.5 ന്റെ താഴെയുള്ള Note 2 പ്രകാരം നടത്തേണ്ടതാണെന്നും അപ്രകാരം സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിൽ ബൈട്രാൻസ്ഫർ റിക്രൂട്ട്മെന്റ് മുഖേന നിയമിതരാകുന്നവർക്ക് പ്രിൻസിപ്പൽ ഡയറക്ടർ നിയമനം നൽകി ക്രമീകരിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. |
| (എഫ്) | നിലവിൽ മുനിസിപ്പൽ കോമൺ സർവീസിൽ ഉണ്ടായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ; മുനിസിപ്പൽ കോമൺ സർവീസിൽ ഉണ്ടായിരുന്ന റവന്യൂ ഓഫീസർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികളും ലഭ്യമാക്കാമോ; | (എഫ്) | മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉണ്ടായിരുന്ന ഡെപ്യൂട്ടി സെക്രട്ടറി (ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണത്തിന് ശേഷം ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തിക) തസ്തികയിൽ നിലവിൽ ഒരു ഒഴിവ് മാത്രമാണ് നിലനിൽക്കുന്നത്. തൃശ്ശൂർ കോർപ്പറേഷനിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി (ഡെപ്യൂട്ടി സെക്രട്ടറി) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.ശിവദാസൻ റ്റി.വി 31/01/2026 ൽ വിരമിക്കുന്നതിന് മുന്നോടിയായി 09/11/2025 മുതൽ LPR-ൽ പ്രവേശിച്ചത് വഴി ഉണ്ടായ ഒഴിവ് നികത്തുന്നതിന് നിലവിൽ സെലക്ട് ലിസ്റ്റ് ലഭ്യമല്ല. ഡി.പി.സി ചേർന്ന് സെലക്ട് ലിസ്റ്റ് ലഭ്യമാക്കുന്ന മുറക്ക് ടി ഒഴിവിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതാണ്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തികയെ അസിസ്റ്റന്റ് സെക്രട്ടറി എൽ.എസ്.ജി.ഐ എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. നിലവിൽ മുൻസിപ്പൽ കോമൺ സർവ്വീസിൽ അസിസ്റ്റന്റ് സെക്രട്ടറി എൽ.എസ്.ജി.ഐ തസ്തികയിൽ 6 ഒഴിവ് ഉണ്ട്. ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേന ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ജി) | മുനിസിപ്പൽ കോമൺ സർവീസിൽ ഉണ്ടായിരുന്നവരും എൽ. എസ്. ജി. ഡി. വകുപ്പ് രൂപീകരണത്തെ തുടർന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലേക്ക് സ്ഥലം | (ജി) | 25/11/2025 തീയതി മുതൽ സ്പാർക്കിൽ ഐഡി മുഖേന ശമ്പളം മാറുന്ന ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ 60 ദിവസത്തിൽ കൂടുതൽ എടുക്കുന്നതിനുള്ള ഓപ്ഷൻ എനേബിൾ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം മുൻ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരിൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ ടെർമിനൽ സറണ്ടർ അപേക്ഷ സമർപ്പിച്ച് തുക അനുവദിച്ച് നടപടിക്രമം ആയിട്ടുള്ള എല്ലാ ജീവനക്കാർക്കും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. സ്പാർക്ക് |

| | | | |
|---|---|---|---|
| | മാറ്റം ലഭിച്ച് 2024-ൽ അതേ ഓഫീസിൽ നിന്നും റിട്ടയർ ചെയ്തവർക്ക് സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയ സാഹചര്യത്തിൽ ഇ.എൽ. ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇത്തരത്തിൽ ആർക്കെങ്കിലും ഇനി ഇ.എൽ. ടെർമിനൽ സറണ്ടർ അനുവദിക്കാനുണ്ടോ എന്ന് വിശദമാക്കാമോ? | | സോഫ്റ്റ് വെയറിലെ അപാകതമൂലം ഒരു ജീവനക്കാർക്കും ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിൽ അപേക്ഷകൾ ഒന്നും തന്നെ കെട്ടിക്കിടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ